'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ വനമേഖലയിലെ മാലിന്യങ്ങളും, പീരുമേട് ഗ്രാമപഞ്ചായത്തിലെ മത്തായികൊക്കയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങളും നീക്കം ചെയ്ത് പൂർണ്ണമായും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് 2019-20 വർഷം ഭരണാനുമതി നൽകിയിട്ടുള്ള ശുചിത്വകേരളം (ഗ്രാമം) പദ്ധതിയിലുൾപ്പെടുത്തി അനുയോജ്യമായ ഘടകത്തിൽ നിന്നും അതത് ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്നതിന് ശുചിത്വമിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.2960/2019/LSGD തീയതി,തിരുവനന്തപുരം, 30/12/2019**

---

പരാമർശം:- 1 മൂന്നാർ വന മേഖലയിലെ മാലിന്യ നിർമ്മാർജ്ജനം 'പ്രോജക്റ്റ് ഗ്രീൻഗ്രാസ്' അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 21.05.2019-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

2 30.05.2019- ലെ സ.ഉ (സാധാ)നം 1094/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.10.2019- ലെ 3765/G/2017/SM നമ്പർ കത്ത്

4 പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 08.11.2019-ലെ 8(2) നമ്പർ ഭരണസമിതി തീരുമാനം

5 ഏലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 30.11.2019-ലെ 4(3) നമ്പർ ഭരണസമിതി തീരുമാനം

**ഉത്തരവ്**

ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ വനമേഖലയിലെ മാലിന്യങ്ങളും, പീരുമേട് ഗ്രാമപഞ്ചായത്തിലെ മത്തായികൊക്കയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങളും നീക്കം ചെയ്ത് പൂർണ്ണമായും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന പരാമർശം(1)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ശുചിത്വ കേരളം (ഗ്രാമം) പദ്ധതിയിൽ നിന്ന് അതാത് പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക അനുവദിക്കുവാൻ അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

<u>പീരുമേട് ഗ്രാമപഞ്ചായത്തിലെ മത്തായികൊക്കയിലെ മാലിന്യ നിക്ഷേപ നിർമ്മാർജ്ജനം</u>

പദ്ധതിയുടെ ആകെ തുക – 21.00 ലക്ഷം രൂപ

ശുചിത്വ കേരളം (ഗ്രാമം) പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ട തുക – 21.00 ലക്ഷം രൂപ

<u>ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ വനമേഖലയിലെ മാലിന്യ നിർമ്മാർജ്ജനം.</u>

പദ്ധതിയുടെ ആകെ തുക – 17.40 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം – 7.00 ലക്ഷം രൂപ

ശുചിത്വ മിഷൻ വിഹിതമായി ശുചിത്വ കേരളം (ഗ്രാമം) പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ട തുക – 10.40 ലക്ഷം രൂപ

2. പീരുമേട് ഗ്രാമപഞ്ചായത്തിലെ മത്തായികൊക്കയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യവും, ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ വനമേഖലയിലെ മാലിന്യങ്ങളും നീക്കം ചെയ്ത് പൂർണ്ണമായും ശാസ്ത്രീയമായി സംസ്കരിക്കുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ മേല്പറഞ്ഞ എസ്റ്റിമേറ്റ് പരാമർശം(4), പരാമർശം(5) എന്നിവ പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കംചെയ്ത് സംസ്കരിക്കുന്നതിന് **10ലക്ഷം** രൂപയും പീരുമേട് ഗ്രാമപഞ്ചായത്തിലെ മത്തായികൊക്കയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുന്നതിന് **21 ലക്ഷം** രൂപയും 2019–20 വർഷം പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള ശുചിത്വകേരളം (ഗ്രാമം) പദ്ധതിയിലുൾപ്പെടുത്തി അനുയോജ്യമായ ഘടകത്തിൽ നിന്നും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിന്, **എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ബന്ധപ്പെട്ട പഞ്ചായത്തുകൾ മാലിന്യം നീക്കം ചെയ്യേണ്ടതാണ്** എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി പീരുമേട് ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്/സെക്രട്ടറി ഏലപ്പാറ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E/GSSA/ERSA)) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.12.31 10:25:19 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്